(ബി) സുനാമി പുനരധിവാസ പദ്ധതികൾക്കായി ആരോഗ്യ മേഖലയിൽ 73.55 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. നാളിതുവരെ 65.72 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) ഹിന്ദുസ്ഥാൻ പ്രോട്ടക്സ് ലിമിറ്റഡ് (HLL), ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് (HPL), KHRWS, HABITAT, KSCC, KLDC തുടങ്ങിയ തദ്ദേശ ഭരണസ്ഥാപനങ്ങൾ എന്നിവരെയാണ് സുനാമി പുനരധിവാസ പദ്ധതികളുടെ നടത്തിപ്പുകാരായി നിയോഗിച്ചിരിക്കുന്നത്. ഇത് കൂടാതെ ഉപകരണങ്ങൾ വാങ്ങുവാൻ പൊതുമേഖലാ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനേയും നിയോഗിച്ചിട്ടുണ്ട്.

(ഡി) കൺസൾട്ടന്റുമാരെ മുഖേന പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരമാണ് നിയോഗിച്ചിട്ടുള്ളത്.

(i) ജി.ഒ.(എം.എസ്) നം.438/2007/ആ.കു.വ. തീയതി 25-10-2007.

(ii) ജി.ഒ.(എം.എസ്) നം.25/2009/ആ.കു.വ. തീയതി 14-1-2009.

(iii) ജി.ഒ.(എം.എസ്) നം.100/2009/ആ.കു.വ. തീയതി 8-4-2009.

ഉത്തരവുകളുടെ പകർപ്പ് അനുബന്ധം II * ആയി ചേർത്തിരിക്കുന്നു.

(ഇ) പദ്ധതി തിരിച്ചുള്ള കൺസൽട്ടൻസി ഫീസ് അനുബന്ധം - 3* ആയി ചേർക്കുന്നു. ഈ തുക മുഴുവനായും പദ്ധതി തീരുമ്പോൾ മാത്രമേ നൽകുകയുള്ളൂ.

കിടത്തി ചികിത്സയുള്ള സ്വകാര്യ ആശുപത്രികളുടെ കണക്ക്

16 (6166) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്ത് കിടത്തി ചികിത്സയുള്ള സ്വകാര്യ അലോപ്പതി ആശുപത്രികളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) കിടത്തി ചികിത്സയ്ക്കുള്ള ആശുപത്രികൾ തുടങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനുള്ള മാനദണ്ഡം എന്തൊക്കെയാണ് ;

(ഡി) ഈ ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആവശ്യത്തിനുള്ള ഡോക്ടർമാർ, യോഗ്യതയുള്ള നഴ്സുമാർ എന്നിവ ഉറപ്പുവരുത്തുന്നതിനോ നിരീക്ഷിക്കുന്നതിനോ പരിശോധിക്കുന്നതിനോ സർക്കാർ സംവിധാനം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള സുതാര്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിലവിൽ അടിസ്ഥാന സൗകര്യമില്ലാതെ പ്രവർത്തിക്കുന്ന ആശുപത്രികൾ മെഡിക്കൽ ബോർഡ് പരിശോധിച്ച് സൗകര്യം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2004-ൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കേരളത്തിലെ സ്വകാര്യ ആശുപത്രികളെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ട് പ്രകാരമുള്ള കിടത്തി ചികിത്സയുള്ള സ്വകാര്യ ആശുപത്രികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	480
കൊല്ലം	374
പത്തനംതിട്ട	263
ആലപ്പുഴ	384
കോട്ടയം	440
ഇടുക്കി	238
എറണാകുളം	793
തൃശ്ശൂർ	316
പാലക്കാട്	262
മലപ്പുറം	333
കോഴിക്കോട്	352
വയനാട്	106
കണ്ണൂർ	300
കാസർഗോഡ്	184
ആകെ	4825

(ബി) ആവശ്യമില്ല.

(സി) ബാധകമല്ല.

(ഡി) സംവിധാനം നിലവിലില്ല.

(ഇ) & (എഫ്) സ്വകാര്യമേഖലയിലെ ആശുപത്രികളേയും നേഴ്സിംഗ് ഹോമുകളേയും മറ്റ് ക്ലിനിക്കൽ സ്ഥാപനങ്ങളേയും നിയന്ത്രിക്കുന്നതിനായി ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ, അക്രഡിറ്റേഷൻ ആന്റ് റെഗുലേഷൻ) എന്ന പേരിൽ നിയമനിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly